## പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3177 — 04.08.2021 ൽ മറുപടിക്ക്

### കാത്ത് ലാബുകൾ

| ചോദ്യം<br>ഡോ. എം.കെ . മുനീർ | | ഉത്തരം<br>ശ്രീമതി വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ ആശുപത്രികളിൽ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട,ആലപ്പുഴ മെഡിക്കൽ കോളേജ്, കോട്ടയം മെഡിക്കൽ കോളേജ്, എറണാകുളം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എറണാകുളം, തൃശ്ശൂർ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി പാലക്കാട്, ജനറൽ ആശുപത്രി കോഴിക്കോട്, കോഴിക്കോട് മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി മഞ്ചേരി, കണ്ണൂർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതൊക്കെ ആശുപത്രികളിലാണ് കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട, എറണാകുളം മെഡിക്കൽ കോളേജ്, മഞ്ചേരി മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എറണാകുളം, ജനറൽ ആശുപത്രി കോഴിക്കോട്, കോഴിക്കോട് മെഡിക്കൽ കോളേജ്, തൃശ്ശൂർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | കാത്ത് ലാബുകളിൽ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാണോ;കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുള്ള ഏതെല്ലാം ആശുപത്രികളിൽ കാർഡിയോളജിസ്റ്റിന്റെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ കാർഡിയോളജി തസ്തിക സൃഷ്ടിച്ചിട്ടുള്ള കാത്ത് ലാബ് പ്രവർത്തിക്കുന്ന ആശുപത്രികൾ താഴെ പറയുന്നവയാണ്.<br>1) ജനറൽ ആശുപത്രി, തിരുവനന്തപുരം<br>2) ജനറൽ ആശുപത്രി, എറണാകുളം<br>3) ജില്ലാ ആശുപത്രി, പാലക്കാട്<br>പ്രസ്തുത സ്ഥാപനങ്ങളിൽ ടി തസ്തികയിൽ ഒഴിവ് ഇല്ല. കാത്ത് ലാബുകളിൽ കാർഡിയോളജിസ്റ്റിന്റെ |

| | | | |
|---|---|---|---|
| | | | സേവനം ലഭ്യമാണ്. കാർഡിയോളജിസ്റ്റിന്റെ തസ്തികകൾ ഇല്ലാത്ത കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുള്ള ആശുപത്രികളിൽ, മറ്റ് ആശുപത്രികളിലെ കാർഡിയോളജി സ്പെഷ്യാലിറ്റിയുള്ള ഡോക്ടർമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതാണ്. അല്ലാത്തപക്ഷം കാർഡിയോളജി സ്പെഷ്യാലിറ്റിയുള്ള ഡോക്ടർമാരെ പ്രസ്തുത സ്ഥാപനത്തിലെ അനുവദിക്കപ്പെട്ട തസ്തികകളിൽ (സ്പെഷ്യാലിറ്റി/ജനറൽ കേഡർ) നിയമിച്ച് കാത്ത് ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി വരുന്നു. സർക്കാർ മെഡിക്കൽ കേളേജുകളിലെ കാത്ത് ലാബുകളിൽ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ അഞ്ചും ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു തസ്തികയും ഒഴിഞ്ഞു കിടക്കുന്നു.<br><br>സർക്കാർ മെഡിക്കൽ കോളേജുകളിലെ കാത്തു ലാബുകളിൽ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ 5 ഉം ആലപ്പുഴ മെഡിക്കൽ കോളേജിൽ 1 തസ്തികയും ഒഴിഞ്ഞു കിടക്കുന്നു. |
| (ഡി) | കാത്ത് ലാബുകൾ സ്ഥാപിക്കപ്പെട്ട ആശുപത്രികളിൽ എത്ര വീതം ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയകൾ ഓരോ വർഷവും നടത്തിയിട്ടുണ്ട് എന്നുള്ളതിന്റെ കണക്കുകൾ ലഭ്യമാക്കുമോ; | (ഡി) | കാത്ത് ലാബുകളിൽ നടന്ന ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയയുടെ കണക്ക് വർഷം തിരിച്ച് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | കാത്ത് ലാബുകൾ സ്ഥാപിക്കാൻ കിഫ്ബി വഴി തുക ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കുമോ? | (ഇ) | കാത്ത് ലാബുകൾ സ്ഥാപിക്കാൻ കിഫ്ബി വഴി തുക ചെലവഴിച്ചിട്ടുണ്ട്. 80 കോടി രൂപ കിഫ്ബി അനുവദിച്ചിരുന്നു. ഇതിൽ 39.87 കോടി രൂപ നാളിതുവരെ ചെലവഴിച്ചു. |

Hari

സെക്ഷൻ ഓഫീസർ

അനുബന്ധം

## കാത്ത് ലാബുകളിൽ നടന്ന ആൻജിയോപ്ലാസ്റ്റിയുടെ കണക്കുകൾ

| സ്ഥാപനം | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 | 2021 | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| ജനറൽ ആശുപത്രി, തിരുവനന്തപുരം | – | – | – | – | – | – | – | 24 | 24 | |
| ജില്ലാ ആശുപത്രി, കൊല്ലം | – | – | – | – | – | 218 | 241 | 118 | 577 | |
| ജനറൽ ആശുപത്രി , പത്തനംതിട്ട | – | – | – | – | – | 60 | 219 | 274 | 553 | |
| ജനറൽ ആശുപത്രി, എറണാകുളം | – | – | 450 | 959 | 1339 | 1509 | 941 | 553 | 5751 | |
| ജില്ലാ ആശുപത്രി, പാലക്കാട് | 22 | 1038 | 1028 | 816 | 631 | 616 | 331 | 245 | 4727 | |
| ജനറൽ ആശുപത്രി, കോഴിക്കോട് | – | – | – | – | – | – | – | 53 | 53 | |
| ജനറൽ ആശുപത്രി, മഞ്ചേരി | – | – | – | | – | 299 | 213 | 266 | 778 | |
| മെഡിക്കൽ കോളേജ്, തിരുവനന്തപുരം | | | | | | | | | 3000(പ്രതിവർഷമുള്ള ശരാശരി കണക്ക്) | |
| മെഡിക്കൽ കോളേജ്, ആലപ്പുഴ | | | | | | | | | 3000(പ്രതിവർഷമുള്ള ശരാശരി കണക്ക്) | |
| മെഡിക്കൽ കോളേജ്, കണ്ണൂർ | | | | | | | | | 3000(പ്രതിവർഷമുള്ള ശരാശരി കണക്ക്) | |
| മെഡിക്കൽ കോളേജ് , കോട്ടയം | | | | | | | | | 4500(പ്രതിവർഷമുള്ള ശരാശരി കണക്ക്) | |
| മെഡിക്കൽ കോളേജ് , കോഴിക്കോട് | | | | | | | | | 2500 (പ്രതിവർഷമുള്ള ശരാശരി കണക്ക്) | |
| മെഡിക്കൽ കോളേജ്, തൃശ്ശൂർ | | | | | | | | | 300-350 (പ്രതിവർഷമുള്ള ശരാശരി കണക്ക്) | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മെഡിക്കൽ കോളേജ്, എറണാകുളം | | | | | | 20 | | 2 | 22 | 2020 മാർച്ച് മുതൽ കോവിഡ് ആശുപത്രിയായി പ്രവർത്തിക്കുന്നതിനാൽ ശസ്ത്രക്രിയകൾ നടന്നിരുന്നില്ല. പിന്നീട് 2021 ജൂലൈ 12 മുതൽ ആരംഭിച്ചു. |

Hari

സെക്ഷൻ ഓഫീസർ